കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - കോട്ടയം നഗരസഭയിലെ ടെലഫോൺ ഓപ്പറേറ്റർ ശ്രീ.പി.എച്ച്.റഷീദിനെ കണ്ടിജന്റ് വിഭാഗം "സ്കിൽഡ് വർക്കേഴ്സ് കാറ്റഗറിയിൽ" ഉൾപ്പെടുത്തി ശമ്പളം നിർണ്ണയിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 45/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 03/01/2014

പരാമർശം :
1. 27/7/2013 ലെ സ.ഉ(കൈയ്യെഴുത്ത്) 267/13/തസ്വഭവ
2. 19/9/2013 ലെ നഗരകാര്യ ഡയറക്ടറുടെ ഇ 2.17120/11 നമ്പർ കത്ത്

ഉത്തരവ്

കോട്ടയം നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ ടെലഫോൺ അറ്റൻഡറായി ജോലിനോക്കിവന്ന ശ്രീ.പി.എച്ച്.റഷീദിനെ പരാമർശം (1) പ്രകാരം പ്രസ്തുത തസ്തിക കണ്ടിജന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തി സ്ഥിരനിയമനം നൽകിയിരുന്നു. എന്നാൽ കണ്ടിജന്റ് വിഭാഗത്തിലെ സ്കിൽഡ് വർക്കേഴ്സ്, അൺസ്കിൽഡ് വർക്കേഴ്സ് എന്നിവയിൽ ഏതിനത്തിൽ ടിയാനെ ഉൾപ്പെടുത്തി ശമ്പളം നിർണയിക്കണമെന്ന് പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.പി.എച്ച്.റഷീദ് ടെലഫോൺ ഓപ്പറേറ്റർ (PBX) യോഗ്യത നേടിയിട്ടുള്ള ആളാണെന്നതും ടിയാൻ പ്രീഡിഗ്രി വിദ്യഭ്യാസ യോഗ്യത നേടിയിട്ടുള്ളതും കണക്കിലെടുത്ത് ടിയാനെ കണ്ടിജന്റ് വിഭാഗത്തിൽ "സ്കിൽഡ് വർക്കർ" കാറ്റഗറിയിൽ ഉൾപ്പെടുത്തി ശമ്പളം നിർണ്ണയിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വേണുഗോപാലൻ നായർ.എസ്
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കോട്ടയം നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ.പി.എച്ച്.റഷീദ്, ടെലഫോൺ ഓപ്പറേറ്റർ, കോട്ടയം നഗരസഭ
(കോട്ടയം നഗരസഭാ സെക്രട്ടറി മുഖാന്തിരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

3/1/14

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

03-01-2014